വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ജലവൈദ്യുത പദ്ധതികൾ

20 [2770] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

" *മാങ്കോട് രാധാകൃഷ്ണൻ:*

" *പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഏതൊക്കെ ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുവാൻ നവീകരണപദ്ധതികൾക്ക് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) പരിസ്ഥിതി പ്രശ്നങ്ങൾമൂലം ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിന് ഉണ്ടാകുന്ന തടസങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) ഈ പദ്ധതിക്കെതിരായി ഉയർന്നുവന്ന ജനവികാരം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഇതിനുള്ള ഫണ്ട് ആരാണ് നൽകുന്നതെന്നും വെളിപ്പെടുത്തുമോ;

(എഫ്) ഈ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺസൾട്ടൻസികളെ നിയമിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട് †. പ്രസ്തുത ലിസ്റ്റിൽ പ്രതിപാദിച്ചിട്ടുള്ളതിനുപുറമെ സഹകാര്യമേഖലയിൽ നടപ്പിലാക്കാനായി 61 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ശുപാർശകളിൻമേൽ നടപടികളെടുക്കുകയും ഇതുവരെ 46.25 മെഗാവാട്ടിന്റെ 12 പദ്ധതികൾ അലോട്ടുചെയ്യുകയുമുണ്ടായിട്ടുണ്ട്.

(ബി) ശബരിഗിരി പദ്ധതിയുടെയും നേര്യമംഗലം പദ്ധതിയുടെയും നവീകരണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

---

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(സി) ജലവൈദ്യുത പദ്ധതികൾമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഇ.ഐ.എ. വിജ്ഞാപന പ്രകാരമുള്ള പരിസ്ഥിതി പരിപാലന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ നിർദ്ദേശങ്ങളും ഉത്തരവുകളും പൂർണ്ണമായി ഉൾക്കൊണ്ടും നടപ്പിലാക്കിയുമാണ് ജലവൈദ്യുത പദ്ധതികൾമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നത്. സംസ്ഥാന എം.പി.-മാർ മുഖേന കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി പദ്ധതികൾക്കാവശ്യമായ അനുമതികൾ നേടിയെടുക്കുവാൻ ശ്രമിക്കാറുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

ഈ ജലവൈദ്യുത പദ്ധതിക്കെതിരായി ഉയർന്നുവന്ന വികാരങ്ങളും ആക്ഷേപങ്ങളും പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടും സംസ്ഥാനത്തിന്റെ ഉത്തമ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുമാണ് ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നത്. ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 385.63 കോടി രൂപയാണ്. കൊമേഴ്സ്യൽ ബാങ്കുകൾ, കേന്ദ്ര/സംസ്ഥാന പവർ ഫൈനാൻസ് കോർപ്പറേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ഏതിൽനിന്ന് എടുക്കുന്നതാണ് ലാഭകരമെന്ന് നോക്കി അതിൽനിന്നെടുക്കാനാണുദ്ദേശിക്കുന്നത്.

(എഫ്) ഇല്ല.

വൈദ്യുത പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥാപിതശേഷി, പ്ലാന്റ് ലോഡ് ഘടകം, യഥാർത്ഥ വൈദ്യുതി ഉല്പാദനം

21 [2771]*ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിലെ ജല/താപ വൈദ്യുത പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥാപിതശേഷി, പ്ലാന്റ് ലോഡ് ഘടകം, യഥാർത്ഥ വൈദ്യുതി ഉല്പാദനം എന്നിവ കാണിക്കുന്ന പട്ടിക വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ സാമ്പത്തികവർഷം ഇതേസമയം പ്രസ്തുത പദ്ധതികൾ ഓരോന്നിന്റേയും സ്ഥാപിതശേഷി, പ്ലാന്റ് ലോഡ് ഘടകം, യഥാർത്ഥ വൈദ്യുതി ഉല്പാദനം എന്നിവയും വിശദമാക്കാമോ;

(സി) മുൻവർഷം ജല/താപ വൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷിയുടെ ഏറ്റവും കൂടിയതും, ഏറ്റവും കുറഞ്ഞതുമായ യഥാർത്ഥ വൈദ്യുതി ഉൽപ്പാദനം ഏതെല്ലാം തീയതികളിൽ എത്ര കെ. ഡബ്ല്യൂ. എച്ച്. ആയിരുന്നുവെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[1-8-2005- ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 20 (2770)-ന്റെ ഉത്തരം ദയവായി കാണുക]

ക്രമ നമ്പർ	പദ്ധതി	സ്ഥാപിതശേഷി (മെഗാവാട്ട്)	ഉൽപ്പാദനശേഷി (മില്ല്യൺ യൂണിറ്റ്)
1	ആതിരപ്പള്ളി	163	233
2	പള്ളിവാസൽ എക്സ്റ്റൻഷൻ	60	154
3	ചെങ്കുളം ആഗ്മെന്റേഷൻ		84
4	വിലങ്ങാട്	7.5	22.63
5	പശുക്കടവ്	2	5.84
6	പുഴിത്തോട്	4.80	10.97
7	മണിയാർ ടെയിൽറേസ്	4	16.73
8	ചാത്തൻകോട്ടുനട	6	14.76
9	ചെളിക്കല്ലാർ	15	35.5
10	പെരുന്തേനരുവി	6	25.77
11	ചെങ്കുളം ടെയിൽറേസ്	3.6	12.17
12	ചെമ്പുകടവ് സ്റ്റേജ് III	7.5	17.8
13	വക്കല്ലാർ	20	68
14	ബാരപ്പോൾ	21	51
15	മാങ്കുളം	40	82
16	പാമ്പാർ	40	95
17	അച്ചൻകോവിൽ	30	76.50
18	ചിന്നാർ	28	83
19	തോട്ടിയാർ	40	99
	ആകെ	498.40	1187.67

LIBRARY ARCHIVES Kerala Legislative Assembly